## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2599

09.07.15 ൽ - മറുപടിക്ക്

# എൻഡ് ടു എൻഡ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, അൻവർ സാദത്ത്<br>,, പി.എ മാധവൻ<br>,, ഹൈബി ഈഡൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യവിതരണത്തിനായി എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;<br><br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) & (ബി) ഉണ്ട്. ഈ പദ്ധതി പ്രകാരം ചുവടെ പറയുന്ന ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.<br><br>1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക<br><br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല (സപ്ലൈ ചെയിൻ) പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുക, ഭക്ഷ്യധാന്യങ്ങൾ ഒരു സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് റേഷൻ കടകളിൽ എത്തിക്കുന്നതിനുള്ള ഡോർ ടു ഡോർ ഡെലിവറി സംവിധാനം ഒരുക്കുക.<br><br>3. എ.ആർ.ഡി. നവീകരണത്തിലൂടെ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.<br><br>4. ഗുണഭോക്താക്കൾക്കായി സുതാര്യമായ പരാതി പരിഹാര സംവിധാനം (കൺസ്യൂമർ ഗ്രീവൻസ് റെഡ്രസൽ സിസ്റ്റം) തയ്യാറാക്കുക. |
| (സി) റേഷൻ വിതരണത്തിന് പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളത്; വിശദമാക്കുമോ ; | (സി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ഡാറ്റാ ബേസിൽ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി പുതുക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ച് |

വരികയാണ്. കൂടാതെ വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുളള എൻ.ഐ.സി. - ഡൽഹി തയ്യാറാക്കിയ സി.എ.എസ്. (കോമൺ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ) പരീക്ഷിച്ച് വരികയാണ്. അതോടൊപ്പം സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സോഫ്റ്റ്‌വെയർ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (പി. ഐ.യു) ന്റെ സഹായത്തോടെ വികസിപ്പിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 22 എ.ആർ. ഡി. കളിൽ ഈ പദ്ധതിയുടെ ഒരു മോഡൽ പൈലറ്റ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് (ഡി.പി.ആർ) തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുളള സ്റ്റേറ്റ് അപ്പക്സ് കമ്മിറ്റി, ഭക്ഷ്യ സെക്രട്ടറി അദ്ധ്യക്ഷനായുളള എസ്.പി.ഇ.എം.റ്റി, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുളള ടെക്നിക്കൽ കമ്മിറ്റി എന്നിവ ഭരണതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ഡബ്ല്യൂ.എഫ്.പി. (വേൾഡ് ഫുഡ് പ്രോഗ്രാം) യുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പിന് ആവശ്യമായ സാങ്കേതിക വിവരങ്ങൾ ഡബ്ല്യൂ.എഫ്.പി. നൽകുന്നുണ്ട്. എൻ.ഐ.സി.-ഡൽഹി തയ്യാറാക്കിയ സി.എ.എസ്. നടപ്പിലാക്കുന്നതിന് വിവിധ സാങ്കേതിക പ്രതിബന്ധങ്ങൾ നിലനിൽക്കുന്നതിനാൽ വകുപ്പ് തലത്തിൽ വിവിധ സോഫ്റ്റ്‌വെയർ ആപ്ലികേഷനുകൾക്ക് രൂപം നൽകുന്നതിന് പി.ഐ.യു (പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്), പദ്ധതി നടത്തിപ്പിനായി ഒരു ഐ.റ്റി. സെൽ, എന്നിവയും സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ